പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1597 — 08-06-2018-ലെ മറുപടിയ്ക്ക്

## കാർഷിക കടാശ്വാസ കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷന്റെ കാലാവധി എപ്പോൾ അവസാനിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) 19.05.2018-ന് അവസാനിച്ചു. |
| (ബി) എത്ര അപേക്ഷകൾ ഇനിയും തീർപ്പുകൽപ്പിക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ;<br>(സി) കമ്മീഷന്റെ കാലാവധി തീരും മുൻപ് അപേക്ഷകൾ മുഴുവൻ തീർപ്പാക്കാൻ കഴിയുമോ എന്ന് അറിയിക്കുമോ; | (ബി) & (സി) ഇനി 31186 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. |
| (ഡി) എത്രവർഷം കൊണ്ട് തീർപ്പ് കൽപ്പിക്കാനാണ് പ്രസ്തുത കമ്മീഷൻ രൂപീകൃതമായതെന്നും കമ്മീഷന്റെ കാലാവധി എത്ര തവണ,എത്ര വർഷത്തേക്കുകൂടി നീട്ടിയിരുന്നുവെന്നും വ്യക്തമാക്കാമോ; | (ഡി) 18.01.2007-നുമുമ്പ് സഹകരണ ബാങ്കുകളിൽനിന്നും കർഷകർ എടുത്തതും കുടിശ്ശിക ആയതുമായ വായ്പകളിന്മേൽ കടാശ്വാസം നൽകുന്നതിനായി 3 വർഷ കാലയളവിലേയ്ക്കാണ് കമ്മീഷൻ രൂപീകരിക്കപ്പെട്ടത്. കമ്മീഷന്റെ കാലാവധി മൂന്നു തവണയായി 8 വർഷം ദീർഘിപ്പിക്കുകയുണ്ടായി. |
| (ഇ) കടാശ്വാസം നൽകുന്നതിനായി അടുത്ത സാമ്പത്തിക വർഷത്തേക്ക് എത്ര രൂപയാണ് സർക്കാർ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഇ) 2018-19 സാമ്പത്തിക വർഷത്തിൽ 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (എഫ്) കമ്മീഷന്റെ കാലാവധി ഇനിയും നീട്ടാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (എഫ്) പുതിയ കമ്മീഷനെ നിയമിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. എന്നാൽ വയനാട് ജില്ലയിൽ 31.03.2014 വരെയുള്ള കാർഷിക വായ്പകളും മറ്റ് 13 ജില്ലകളിൽ 31.10.2011 വരെയുള്ള കാർഷിക വായ്പകളും കാർഷിക കടാശ്വാസത്തിന് പരിഗണിക്കുവാൻ 06.06.2018-ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**